**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **08-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17ലെ പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയിലേക്ക് ഭരണാനുമതി ലഭിച്ചിരുന്ന ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഇനിയും ലഭ്യമാവാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ലഭ്യമാക്കേണ്ട കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ അത് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കാത്തത് മൂലമാണ് എക്സ്റേ യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തത്. |
| (ബി) | ഉപകരണം സപ്ലൈ ചെയ്യണമെങ്കിൽ മുൻകൂറായി പണമടയ്ക്കണമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുന്നോട്ട് വച്ച വ്യവസ്ഥയും തുക അടയ്ക്കണമെങ്കിൽ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ആവശ്യമാണെന്ന ജില്ലാ പഞ്ചായത്തിന്റെ വ്യവസ്ഥയും മൂലം പദ്ധതി അനന്തമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (ബി) | ബഹു. എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾക്ക് എല്ലാംതന്നെ നിർവഹണ ഉദ്യോഗസ്ഥനും നിർവഹണ ഏജൻസിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട ശേഷമാണ് പണം നൽകുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അവർ മുന്നോട്ട് വന്നിട്ടില്ലാത്തതിനാൽ ഇന്നേവരെ ധാരണാപത്രം ഒപ്പിട്ടിട്ടില്ല. |
| (സി) | ഇതു പരിഹരിക്കുന്നതിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ